**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2524** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>ടെണ്ടർ സേവിംഗ്സ് തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ആസ്തി വികസന പദ്ധതിയിലെയും പ്രത്യേക വികസന നിധിയിലെയും ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** എംഎൽഎ മാരുടെ എഡിഎസ്/**പ്രത്യേക വികസന നിധി ഉപയോഗിച്ച്** ഒരു സാമ്പത്തികവർഷം ശുപാർശ ചെയ്തിട്ടുള്ളതും ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായി ബിൽ ലഭ്യമായി തുക അനുവദിക്കുമ്പോഴാണ് ആ വർഷത്തെ ടെണ്ടർ ബാലൻസ് തുക എത്രയെന്ന് അറിയുന്നത് . എംഎൽഎ മാർ ആവശ്യപ്പെടുന്നതനുസരിച്ച് എംഎൽഎ – എഡിഎസ്/ **പ്രത്യേക വികസന നിധി യുമായി** ബന്ധപ്പെട്ട പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ യഥാസമയം അറിയിച്ച് വരുന്നു

**എംഎൽഎ മാരുടെ പ്രത്യേക വികസന നിധി, നിയോജകമണ്ഡല ആസ്തി വികസന പദ്ധതി എന്നിവ വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തി സ.ഉ(അച്ചടി) നം. 100/2025/ധന, തീയതി 12/08/2025 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്ന വേളയിൽ ടെണ്ടർ സേവിംഗ്സ് കൃത്യസമയത്ത് ബഹു: എംഎൽഎ മാരെ അറിയിക്കുന്നതിനുള്ള നിർദ്ദേശം കൂടെ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതാണ്.**

**(ബി)** ഇതു സംബന്ധിച്ച വിശദാംശം യഥാസമയം എം.എൽ.എ.മാരെ അറിയിക്കാത്തതുമൂലം പ്രസ്തുത തുക വേണ്ടരീതിയിൽ വിനിയോഗിക്കപ്പെടാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എംഎൽഎ മാരുടെ എഡിഎസ്/**പ്രത്യേക വികസന നിധി ഉപയോഗിച്ച്** ഒരു സാമ്പത്തികവർഷം ശുപാർശ ചെയ്തിട്ടുള്ളതും ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായി ബിൽ ലഭ്യമായി തുക അനുവദിക്കുമ്പോഴാണ് ആ വർഷത്തെ ടെണ്ടർ ബാലൻസ് തുക എത്രയെന്ന് അറിയുന്നത് . എംഎൽഎ മാർ ആവശ്യപ്പെടുന്നതനുസരിച്ച് എംഎൽഎ – എഡിഎസ്/ **പ്രത്യേക വികസന നിധി യുമായി** ബന്ധപ്പെട്ട പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ യഥാസമയം അറിയിച്ച് വരുന്നു

**എംഎൽഎ മാരുടെ പ്രത്യേക വികസന നിധി, നിയോജകമണ്ഡല ആസ്തി വികസന പദ്ധതി എന്നിവ വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തി സ.ഉ(അച്ചടി) നം. 100/2025/ധന, തീയതി 12/08/2025 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്ന വേളയിൽ ടെണ്ടർ സേവിംഗ്സ് കൃത്യസമയത്ത് ബഹു: എംഎൽഎ മാരെ അറിയിക്കുന്നതിനുള്ള നിർദ്ദേശം കൂടെ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതാണ്.**

**(സി)** വൈപ്പിൻ നിയോജക മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

**മറുപടി:** 2017 മുതൽ 2022 സാമ്പത്തിക വർഷം മുതലുള്ള ടെണ്ടർ സേവിംഗ്സ് 1,12,36,225 (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി മുപ്പത്താറായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) കണക്കാക്കി ടി തുക വിനിയോഗിച്ച് 65,09,494/-രൂപയുടെ നാല് പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**